>> ചിന്താവിഷയം

# ഐക്യവും പാപമോചനവും

## ഹസനുൽബന്ന

**മനുഷ്യർ** തമ്മിൽ അഭിപ്രായാന്തരങ്ങളുണ്ടാവുകയെന്നത് സ്വാഭാവികമാണ്. അതിന്റെ പേരിൽ പക്ഷേ, പരസ്പരം മിണ്ടാതിരിക്കുന്നതും അവഗണിക്കുന്നതും ബന്ധം വിഛേദിക്കുന്നതും ശരിയല്ല. ഇസ്‌ലാം ഗുരുതരമായ പാപങ്ങളായാണതിനെ കാണുന്നത്. ഒരാദർശ പ്രസ്ഥാനമാണ് ഇസ്‌ലാം. അതുകൊണ്ടുതന്നെ സുശക്തമായ ഒരാദർശബന്ധം വിശ്വാസികൾ തമ്മിൽ ഉണ്ടായിരിക്കേണ്ടതുണ്ട്. ഐക്യത്തിനു വിഘ്നം വരുത്തുന്ന ഒന്നും ഇസ്‌ലാം അംഗീകരിക്കുന്നില്ല. പുണ്യകർമമായ ഖുർആൻ പഠനം പോലും ഇസ്‌ലാമിക ഐക്യത്തിനു വിരുദ്ധമാകാവതല്ല. നബി(സ) അരുൾ ചെയ്യുന്നു: "നിങ്ങളുടെ ഹൃദയങ്ങളെ പരസ്പരം ഇണക്കാൻ സഹായിക്കുന്നേടത്തോളം നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക. നിങ്ങൾ ഭിന്നിക്കുകയാണെങ്കിലോ, ഉടൻ പിരിഞ്ഞു പോവുക" (ബുഖാരി, മുസ്‌ലിം).

ഐക്യപ്പെടുകയെന്നത് മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം നിർബന്ധമായ പുണ്യകർമമാണ്. ഐക്യത്തിനു ശ്രമിക്കാതെ പരസ്പര വെറുപ്പും വിദ്വേഷവുമായി കഴിയുന്നതാവട്ടെ പാപമോചനം തടയുന്ന ഗുരുതരമായ തെറ്റും!. നബി(സ) അരുൾ ചെയ്യുന്നു: "തിങ്കളാഴ്ചയും വ്യാഴാഴ്ചയും സ്വർഗ കവാടങ്ങൾ തുറക്കപ്പെടും. എന്നിട്ട് ശിർക്ക് ചെയ്യാത്ത എല്ലാ അടിമകളുടെയും തെറ്റുകൾ അല്ലാഹു പൊറുത്തുകൊടുക്കും. തനിക്കും തന്റെ സഹോദരനുമിടയിൽ ശത്രുത നിലനിർത്തുന്നയാൾക്ക് അത് ബാധകമല്ല. അവരെക്കുറിച്ച് പറയപ്പെടും: ഈ രണ്ടാളുടെയും കാര്യം നീട്ടിവെക്കുക, അവർ പരസ്പരം രാജിയാവുന്നതുവരെ. ഈ രണ്ടാളുടെയും കാര്യം നീട്ടിവെക്കുക, അവർ പരസ്പരം രാജിയാവുന്നതുവരെ. ഈ രണ്ടാളുടെയും കാര്യം നീട്ടിവെക്കുക, അവർ പരസ്പരം രാജിയാവുന്നതുവരെ" (മുസ്‌ലിം). പ്രവാചകൻ പറയുന്നു: "മൂന്നു വിധം ആളുകൾ. അവരുടെ നമസ്കാരം അവരുടെ തലക്കുമേൽ ഒരു ചാൺപോലും ഉയർന്നുപോവുകയില്ല (അല്ലാഹുവിലേക്ക് എത്തുകയില്ല). ഒന്ന്, ഒരുകൂട്ടർക്ക് ഇമാമത്ത് നിൽക്കുന്നയാൾ. അവർക്കാകട്ടെ അയാളോട് വെറുപ്പാണ്. രണ്ട്, ഭർത്താവിന്റെ കോപത്തിനിരയായ അവസ്ഥയിൽ കിടന്നുറങ്ങുന്ന സ്ത്രീ. മൂന്ന്, പരസ്പരബന്ധം വേർപെടുത്തിയ രണ്ടാളുകൾ" (ഇബ്നു മാജ). മറ്റൊരിക്കൽ നബി(സ) പറഞ്ഞു: "തന്റെ സഹോദരനോട് മൂന്നു ദിവസത്തിലധികം മിണ്ടാതിരിക്കാൻ ഒരു മുസ്‌ലിമിനു പാടുള്ളതല്ല" (ബുഖാരി, മുസ്‌ലിം) "തന്റെ സഹോദരനോട് ഒരുവർഷം മിണ്ടാതിരിക്കുന്നവൻ അവന്റെ രക്തം ചിന്തിയവനെ പോലെയാണ്" - മറ്റൊരു നബിവചനം.

വിശ്വാസികൾ ഒന്നാണ്. വിശുദ്ധ ഖുർആൻ പറയുന്നതുപോലെ, ഒരു "കന്മതിൽ കെട്ടുപോലെ ഒന്നിച്ചണിനിരന്ന്" തിന്മകൾക്കെതിരെ പൊരുതേണ്ടവരാണവർ. വെറുപ്പും വിദ്വേഷവും അവരുടെ അജണ്ടയിൽ പാടില്ല. ഒരവസ്ഥയിലും അനൈക്യവും ഛിദ്രതയും ഉണ്ടാവരുത്. നബി(സ) പ്രസ്താവിച്ചു: "മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാകുന്നു. സഹോദരൻ സഹോദരനെ അക്രമിക്കുകയില്ല. കൈവെടിയുകയില്ല. നിന്ദിക്കുകയില്ല. തഖ്‌വ ഇവിടെയാകുന്നു (തന്റെ നെഞ്ചിലേക്ക് മൂന്നുതവണ ചൂണ്ടിക്കൊണ്ടാണത് പറഞ്ഞത്). തന്റെ സഹോദരനെ നിന്ദിക്കുക എന്നതു തന്നെമതി ഒരു മനുഷ്യന് തിന്മയായി. എല്ലാ മുസ്‌ലിമും മറ്റൊരു മുസ്‌ലിമിനു നിഷിദ്ധമാണ്. അവന്റെ രക്തം, അവന്റെ സമ്പത്ത്, അവന്റെ അഭിമാനം" (മുസ്‌ലിം).

വിശുദ്ധ ഖുർആനിൽ സംഘബോധത്തിനുള്ള നിരവധി ആഹ്വാനങ്ങളുണ്ട്: "വിശ്വാസികൾ പരസ്പരം സഹോദരന്മാരാകുന്നു. അതിനാൽ നിങ്ങളുടെ സഹോദരന്മാർക്കിടയിലുള്ള ബന്ധങ്ങൾ നന്നാക്കുവിൻ. അല്ലാഹുവിനോട് ഭക്തിയുള്ളവരാകുകയും ചെയ്യുവിൻ. നിങ്ങൾ അനുഗ്രഹിക്കപ്പെടുമെന്നാശിക്കാം''

**ശിഥിലമല്ലാത്ത സമൂഹത്തിനുമാത്രമേ സാമൂഹിക ചലനം സൃഷ്ടിക്കാനാവൂ. പരസ്പര വെറുപ്പും വിദ്വേഷവുമാവട്ടെ സമുദായത്തെ തുണ്ടംതുണ്ടമാക്കുന്ന മാരക രോഗമാണ്. അതുകൊണ്ടാണ് സാഹോദര്യവും ഐക്യവും വളർത്താൻ പ്രമാണങ്ങൾ ഏറെ പാടുപെടുന്നത്. സംഘ ജീവിതം നയിക്കുന്നതിന് ഇസ്‌ലാമിൽ അസാധാരണ പ്രാധാന്യമുണ്ടെന്നാണ് മഹത്തുക്കൾ അഭിപ്രായപ്പെട്ടിട്ടുള്ളത്.**

(*അൽഹുജുറാത്ത്* 10). “നൂഹിനോട് അനുശാസിച്ചിട്ടുണ്ടായിരുന്നതും ദിവ്യസന്ദേശം വഴി ഇപ്പോൾ താങ്കളിലേക്കയച്ചിട്ടുള്ളതും ഇബ്‌റാഹീം, മൂസാ, ഈസാ എന്നിവരോടനുശാസിച്ചിരുന്നതുമായ അതേ ദീനിനെതന്നെ നിങ്ങൾക്ക് നിയമമാക്കി തന്നിരിക്കുന്നു. ഈ ദീനിനെ നിലനിർത്തുവിൻ, അതിൽ ഭിന്നിക്കരുത് എന്ന താക്കീതോടുകൂടി” (*അശ്ശൂഅറാഅ്* 13). ഇസ്‌ലാം എന്തുകൊണ്ടാണ് ഐക്യത്തിന് ഇത്രമാത്രം പ്രാധാന്യം നൽകിയതെന്നും ഭിന്നിപ്പിനെതിരെ കടുത്ത നിലപാടെടുത്തതെന്നും യഥാവിധി വിലയിരുത്തേണ്ടതുണ്ട്. ഇസ്‌ലാം വിഭാവനചെയ്യുന്ന മൂല്യനിഷ്ഠ ജീവിതത്തിന്റെ ആന്തരിക ശക്തിയാണ് അതിലൂടെ തെളിഞ്ഞുകാണുന്നത്. അതായത്, ശിഥിലമല്ലാത്ത സമൂഹത്തിനുമാത്രമേ സാമൂഹിക ചലനം സൃഷ്ടിക്കാൻ സാധ്യമാവൂ. പരസ്പര വെറുപ്പും വിദ്വേഷവുമാവട്ടെ സമുദായത്തെ തുണ്ടംതുണ്ടമാക്കുന്ന മാരക രോഗങ്ങളാണ്. അതുകൊണ്ടാണ് സാഹോദര്യവും ഐക്യവും വളർത്താൻ പ്രമാണങ്ങൾ ആഹ്വാനം ചെയ്യുന്നത്. സംഘ ജീവിതം നയിക്കുന്നതിന് ഇസ്‌ലാമിൽ അസാധാരണ പ്രാധാന്യമുണ്ടെന്നാണ് മഹത്തുക്കൾ അഭിപ്രായപ്പെട്ടിട്ടുള്ളത്. കാരണം ലോക നന്മക്കായി സാമൂഹിക വിപ്ലവം നടത്തണമെങ്കിൽ ഐക്യപ്പെട്ടേ തീരൂ. വ്യക്തിസംസ്കരണവും സാമൂഹിക സംവിധാനവും രാഷ്ട്ര നിർമാണവും കൂട്ടായ്മയിലൂടെ മാത്രം കരഗതമാകുന്ന കാര്യങ്ങളാണ്. ഓരോ പ്രവർത്തകനും ഓരോ തരത്തിൽ നിന്നാൽ അല്ലെങ്കിൽ ഓരോ സംഘടനയും പരസ്പരം മുഖംതിരിച്ചുനിന്നാൽ ഒരിക്കലും വിജയം നേടാനാവില്ല. അതുകൊണ്ടുതന്നെയാണ് അനൈക്യത്തെ പാപമോചനം ലഭിക്കാത്ത വൻകുറ്റമായി ഇസ്‌ലാം എണ്ണിയിട്ടുള്ളത്. ഭിന്നിപ്പ് ദീനിനെ തന്നെ ‘വടിച്ചുകളയു’മെന്നും മറ്റൊരു നബിവചനത്തിൽ വന്നിട്ടുണ്ട്. മാത്രമല്ല നമസ്കാരവും നോമ്പും ദാനധർമങ്ങളുമെല്ലാം അല്ലാഹു സ്വീകരിക്കണമെങ്കിൽ വിശ്വാസികൾ തമ്മിലുള്ള പരസ്പരബന്ധം നന്നാക്കണമെന്ന ശക്തമായ ഉണർത്തലും നബിവചനത്തിൽ കാണാം. നബി(സ) അരുൾ ചെയ്യുന്നു: “നമസ്കാരത്തേക്കാളും നോമ്പിനേക്കാളും ദാനധർമങ്ങളേക്കാളും ശ്രേഷ്ഠമായ ഒരു കാര്യം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?.” അവർ പറഞ്ഞു: “അതേ അല്ലാഹുവിന്റെ റസൂലേ.” അവിടുന്നു പറഞ്ഞു: “പരസ്പരബന്ധം നന്നാക്കുക. നിങ്ങൾക്കിടയിൽ ബന്ധം വഷളായാൽ നിശ്ചയം അത് മുണ്ഡനം ചെയ്യുന്ന സംഗതിയായിരിക്കും” (അബൂദാവൂദ്). നബി(സ) വീണ്ടും പറയുന്നു: “അല്ലാഹുവാണെ, നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല; വിശ്വാസികളാകുന്നതുവരെ. നിങ്ങൾ വിശ്വാസികളാവുകയില്ല; പരസ്പരം സ്നേഹിക്കുന്നതുവരെ. ഒരു കാര്യം ഞാൻ നിങ്ങളെ അറിയിക്കട്ടെയോ, അതു ചെയ്താൽ നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടാവും. നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കുക” (മുസ്‌ലിം). ■